# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4465 — 22.07.2015 ൽ മറുപടിയ്ക്ക്

## ബ്ലേഡ് മാഫിയ സംഘങ്ങൾക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.പി.മുഹമ്മദ് | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബ്ലേഡ് മാഫിയ സംഘങ്ങളെ അമർച്ച ചെയ്യാൻ സ്വീകരിച്ച ഓപ്പറേഷൻ കുബേര പോലുള്ള പദ്ധതികൾ വ്യാപകമാക്കുവാൻ നടപടി സ്വീകരിക്കാമോ; | (എ) | ബ്ലേഡ് മാഫിയ സംഘങ്ങളെ അമർച്ച ചെയ്യാൻ സ്വീകരിച്ച ഓപ്പറേഷൻ കുബേര സംസ്ഥാന വ്യാപകമായി നടപ്പാക്കി വരുന്നു. |
| (ബി) | ബ്ലേഡ് മാഫിയ സംഘങ്ങൾ ചെയ്യുന്ന വിധത്തിലുള്ള ഇത്തരം ജനദ്രോഹപരമായ പ്രവർത്തനം നിയമം മൂലം സ്ഥാപിക്കപ്പെട്ട പല സഹകരണസംഘങ്ങളും ചെയ്തുവരുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) | പല സഹകരണ ബാങ്കുകളും സാധാരണക്കാരന് വായ്പ നൽകുമ്പോൾ മുൻകൂറായി വാങ്ങുന്ന ബ്ലാങ്ക് ചെക്ക് ലീഫുകൾ, വായ്പക്കാരൻ വായ്പ അടയ്ക്കാൻ വീഴ്ച വരുത്തുമ്പോൾ സഹകരണനിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കാതെ വ്യാജരേഖകൾ ചമച്ച് തുക എഴുതി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിലെ വ്യവസ്ഥകളെ ദുരുപയോഗം ചെയ്ത് വണ്ടിച്ചെക്ക് കേസുകൾ കോടതികളിൽ ഫയൽ ചെയ്തുവരുന്നതിനെ കുറിച്ചന്വേഷിക്കാമോ; | (സി) | സഹകരണ ബാങ്കുകൾ സാധാരണക്കാരന് വായ്പ നൽകുമ്പോൾ മുൻകൂറായി വാങ്ങുന്ന ബ്ലാങ്ക് ചെക്ക് ലീഫുകൾ, വായ്പക്കാരൻ വായ്പ അടയ്ക്കാൻ വീഴ്ച വരുത്തുമ്പോൾ സഹകരണ നിയമ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കാതെ വ്യാജരേഖകൾ ചമച്ച് തുക എഴുതി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിലെ വ്യവസ്ഥകളെ ദുരുപയോഗം ചെയ്ത് വണ്ടിച്ചെക്ക് കേസുകൾ കോടതികളിൽ ഫയൽ ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഒരു സഹകരണ ബാങ്ക് സെക്രട്ടറി ചെയ്തുവരുന്ന ഇത്തരം നടപടിക്കെതിരെ കഴിഞ്ഞ കൊല്ലം ഒരു ജനപ്രതിനിധി ആഭ്യന്തര ഇന്റലിജൻസ് വിഭാഗത്തിന് തെളിവുസഹിതം പരാതി നൽകിയിട്ടുണ്ടോ; ഈ പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വെളിപ്പെടുത്താമോ? | (ഡി) | തിരുവനന്തപുരം തമ്പാനൂർ വാർഡ് കൗൺസിലർ ശ്രീ.ആർ.ഹരികുമാറിന്റെ, ടി 131 തിരുവനന്തപുരം സഹകരണ ബാങ്ക് സെക്രട്ടറി, ബാങ്കിൽ നിന്നും വായ്പയെടുത്ത ചെറുകിട വ്യാപാരികളെ വ്യാജരേഖകൾ ചമച്ച് ചെക്ക് കേസുകളിൽ കുടുക്കുന്നതായി കാണിച്ചുകൊണ്ടുള്ള, 29.09.2014-ലെ പരാതിയിന്മേൽ ഇന്റലിജൻസ് മേധാവി 06.12.2014-ൽ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും, ടി റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം തുടർനടപടികൾക്കായി 06.03.2015-ൽ സഹകരണ വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ